(ഡി) മദ്യജന്യരോഗ ചികിത്സയ്ക്ക് ഗവൺമെന്റിന് പ്രതിവർഷം എന്ത് ചെലവ് വരുന്നുണ്ടെന്ന് പറയാമോ ?

ഉത്തരം

(എ) കരളിനുണ്ടാകുന്ന സിറോസിസ് എന്ന രോഗവും അതുമായി ബന്ധപ്പെട്ട് മഞ്ഞപിത്തം മഹോദരം, പ്രോട്ടിന്റെ കുറവുമൂലമുണ്ടാകുന്ന നീർക്കെട്ട്, രക്തം ഛർദ്ദിക്കൽ, മലദ്വാരത്തിലൂടെയുള്ള രക്തസ്രാവം, തലച്ചോറിന്റെ പ്രവർത്തന വൈകല്യംമൂലമുണ്ടാകുന്ന ഓർമ്മക്കുറവ്, അപസ്മാരം, ഹൃദ്രോഗം, തുടങ്ങിയവയാണ് ശാരീരികമായ മദ്യജന്യരോഗങ്ങൾ. കൂടാതെ മദ്യപാനം മൂലം നിരവധി മാനസിക രോഗങ്ങളും ഉണ്ടാകും. അതിൽപ്രധാനം സംശയരോഗം, പെരുമാറ്റ വൈകല്യങ്ങൾ, വിഷാദരോഗങ്ങൾ, ആത്മഹത്യാ പ്രവണത തുടങ്ങിയവയാണ്.

(ബി) കൂടുകയാണ്.

(സി) ഇല്ല.

(ഡി) മദ്യജന്യരോഗ ചികിത്സയുടേത് മാത്രമായ ചെലവ് കണക്കാക്കിയിട്ടില്ല.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിർണ്ണയം

140 (3094) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ഫീസ് കുറയ്ക്കുവാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

ഉണ്ട്. ഈ കാര്യം വിശദമായി പരിശോധിച്ചു വരികയാണ്.

ആയുർവേദ വകുപ്പിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി

141 (3095) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ വകുപ്പിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഗ്രാഡുവേറ്റ് മെഡിക്കൽ ഓഫീസർമാർക്കുകൂടി പ്രൊമോഷൻ സാദ്ധ്യതകൾ ഉൾപ്പെടുത്തിയാണോ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നത് ;

(സി) ആയുർവേദ വകുപ്പിലെ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡി.എം.ഒ. എന്നിവരുടെ അടിസ്ഥാന യോഗ്യത ആയുർവേദത്തിലുള്ള ബിരുദമായിരിക്കണമെന്ന് നിഷ്കർഷിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly